## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5611 | 18.11.2019 ൽ മറുപടിക്ക്

### പാലക്കാട് ജില്ലാ ആശുപത്രിയിലെ സെൻട്രൽ സ്റ്റെറിലൈസേഷൻ യൂണിറ്റ്

| ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലാ ആശുപത്രിയിലെ ശസ്ത്രക്രിയ ഉപകരണങ്ങൾ അണുവിമുക്തമാക്കുന്നതിനുള്ള സെൻട്രൽ സ്റ്റെറിലൈസേഷൻ യൂണിറ്റിന്റെ ഉദ്ഘാടനം 2016 മാർച്ചിൽ നടത്തിയെങ്കിലും ഇപ്പോഴും ഈ യൂണിറ്റ് ഉപയോഗിക്കാതെ ഇട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ അത്യാവശ്യ സംവിധാനം ഉപയോഗക്ഷമമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 2016-ൽ ഉദ്ഘാടനം നടത്തിയെങ്കിലും എച്ച്.ടി. കണക്ഷൻ ലഭ്യമായത് 2018-ൽ ആണ്. എന്നാലും ഓപ്പറേഷൻ തീയേറ്ററും സെൻട്രൽ സ്റ്റെറിലൈസേഷൻ യൂണിറ്റിലും രണ്ട് വ്യത്യസ്ത കെട്ടിടങ്ങളിലായതിനാൽ അണുവിമുക്തമാക്കിയ ഉപകരണങ്ങൾ തിയേറ്ററിൽ എത്തിക്കുവാൻ തുറന്ന സ്ഥലത്തുകൂടെ കൊണ്ടുപോകേണ്ട സാഹചര്യമാണ്. ആയത് അനുവദനീയമല്ലാത്തതിനാൽ CSSR ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയില്ല. |
| (സി) | ഈ സംവിധാനം ഉപയോഗത്തിലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) | നിലവിൽ പ്രസ്തുത യൂണിറ്റ് ഓപ്പറേഷൻ തിയേറ്റർ കെട്ടിടത്തിലേയ്ക്ക് മാറ്റാനുള്ള നടപടികൾ പാലക്കാട് മെഡിക്കൽ കോളേജിന്റെ സഹായത്തോടെ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ